പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2191 — 01.02.2018 ൽ മറുപടിയ്ക്ക്

നിത്യോപയോഗസാധനങ്ങളുടെ വില

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.ബഷീർ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചു കയറുന്ന സാഹചര്യത്തിൽ നിത്യോപയോഗ സാധനങ്ങൾ ന്യായവിലക്ക് പൊതു വിപണിയിൽ എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ; | (എ) നിത്യോപയോഗ സാധനങ്ങൾ ന്യായവിലക്ക് പൊതു വിപണിയിൽ എത്തിക്കുന്നതിനായി, സബ്സിഡി നിരക്കിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതു ജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നീ "ശബരി" ബ്രാൻഡ് ഉൽപ്പന്നങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിലും, 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ FMCG (Fast Moving Consumer Goods) സാധനങ്ങളും സപ്ലൈകോ വിൽപ്പനശാല കളിലൂടെ ലഭ്യമാക്കി വരുന്നു. അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ആന്ധ്രയിൽ നിന്നും നേരിട്ട് ജയ അരി സംഭരിച്ച് കിലോഗ്രാമിന് 25 രൂപ എന്ന നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 200 കോടി രൂപ അനുവദിക്കുകയും 2017-18 സാമ്പത്തിക വർഷത്തിൽ 200 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സീസണുകളിൽ വിപണി ഇടപെടൽ നടത്തി വിലക്കയറ്റം പിടിച്ച് നിർത്തുന്നതിന് സാധിക്കുകയും കൂടുതൽ വിൽപ്പന ശാലകൾ ആരംഭിച്ചും നിലവിലുള്ള വിൽപ്പനശാലകളിലെ സൗകര്യങ്ങൾ മെച്ചപ്പെട്ടുത്തിയും സപ്ലൈകോയുടെ സേവനം കൂടുതൽ |

| | |
|---|---|
| | ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) സബ്സിഡിയിൽ വിൽക്കുന്ന നിത്യോപയോഗസാധനങ്ങൾ ഏതൊക്കെയാണെന്ന് എന്നറിയിക്കാമോ: | (ബി) ചെറുപയർ, ഉഴുന്ന് ബോൾ, വൻകടല, വൻപയർ, തുവരപരിപ്പ്, മുളക്, മല്ലി, പഞ്ചസാര, വെളിച്ചെണ്ണ, ജയഅരി, കുറുവ അരി, മട്ടയരി, പച്ചരി, ആന്ധ്ര ഇതര ജയ അരി എന്നിവയാണ് സബ്സിഡിയിൽ വിൽക്കുന്ന നിത്യോപയോഗസാധനങ്ങൾ |
| (സി) പൊതുവിപണിയേക്കാൾ വില കുറച്ച് ഫ്രീ-സെയിൽ സബ്സിഡി നൽകുന്ന ആവശ്യഭക്ഷ്യധാന്യങ്ങൾ ഏതൊക്കെയാണ്; എത്ര ശതമാനമാണ് പൊതുവിപണിയേക്കാൾ കുറച്ചു നൽകുന്നത്; വ്യക്തമാക്കുമോ; | (സി) ചെറുപയർ, ഉഴുന്ന് ബോൾ, ഉഴുന്ന് പിളർന്നത് (തൊലിയുള്ളത്), ഉഴുന്ന് പിളർന്നത് (തൊലിയില്ലാത്തത്), വൻകടല, വൻപയർ, തുവരപരിപ്പ്, തുവരപരിപ്പ് (Fatka), പീസ് പരിപ്പ്, മുളക്, മല്ലി, ജീരകം, കടുക്, ഉലുവ, പിരിയൻമുളക്, ഗ്രീൻ പീസ്, വെള്ളക്കടല, പഞ്ചസാര, റാഗി, പച്ചരി, ബോധന അരി, മട്ടയരി, ജയ അരി, കുറുവ അരി, ആന്ധ്ര ഇതര ജയ അരി, ചെറുപയർ പരിപ്പ്, വെളിച്ചെണ്ണ എന്നിവ ഫ്രീ-സെയിൽ സബ്സിഡി നിരക്കിൽ പൊതുവിപണിയേക്കാൾ 10 മുതൽ 20% വരെ വില കുറവിൽ ലഭ്യമാക്കി വരുന്നു. |
| (ഡി) പൊതുജനങ്ങൾക്ക് നൽകുന്ന ഇത്തരം ഭക്ഷ്യ ധാന്യങ്ങൾക്ക് അളവിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) ഇല്ല. സപ്ലൈകോ വില്പന ശാലകളിലൂടെ വിൽക്കുന്ന സബ്സിഡി സാധനങ്ങൾക്ക് മാത്രമാണ് അളവ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ